## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2497** **05.11.2019-ൽ മറുപടിക്ക്**

**കെ.എസ്.ഇ.ബി.യിലെ സാമ്പത്തിക പ്രതിസന്ധി**

| | ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് ഇരുന്നൂറ്റിമുപ്പത് കോടി രൂപ കൂടി വായ്പ എടുക്കാൻ കെ.എസ്.ഇ.ബി തീരുമാനി ച്ചിട്ടുണ്ടോ; | | ഇരുന്നൂറ്റി മുപ്പത് കോടി രൂപ വായ്പയെടുത്തിട്ടുണ്ട്. |
| (ബി) | 2017-ൽ ആർ.ഇ.സി. (റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ ലിമിറ്റഡ്)-ൽ നിന്ന് കെ.എസ്.ഇ.ബി ക്ക് അനുവദിച്ച രണ്ടായിരം കോടി വായ്പയിൽ നിന്ന് കെ.എസ്.ഇ.ബി. കൈപ്പറ്റാനായി ബാക്കി ഉണ്ടായിരുന്ന ഇരുന്നൂറ്റിമുപ്പത് കോടി രൂപയാണോ ഇപ്പോൾ വായ്പയായി വാങ്ങുന്നതെന്ന് വെളിപ്പെടുത്താമോ; | (ബി) | 2017-ൽ ആർ.ഇ.സി.ലിമിറ്റഡ് അനുവദിച്ച 2000 കോടി രൂപ വായ്പയുടെ ബാക്കിയുണ്ടായിരുന്ന 230 കോടി രൂപയാണ് വായ്പയായി ലഭിച്ചത്. |
| (സി) | കെ.എസ്.ഇ.ബി പുറമേ നിന്ന് വാങ്ങുന്ന വൈദ്യുതിക്ക് പണം കൊടുക്കാൻ ഇല്ലാത്ത സാഹചര്യ മുണ്ടോയെന്ന് വ്യക്തമാക്കുമോ; | | കെ.എസ്.ഇ.ബി പുറമേനിന്ന് വാങ്ങുന്ന വൈദ്യുതിക്ക് പണം കൊടുക്കാൻ ഇല്ലാത്ത സാഹചര്യം ഉണ്ടാകുമ്പോൾ ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ സ്വീകരിച്ചാണ് കൃത്യസമയത്ത് മുടക്കം കൂടാതെ അതാത് സ്ഥാപനങ്ങൾക്ക് പണം നൽകാറുള്ളത്. |
| (ഡി) | കഴിഞ്ഞ ജൂൺ 30 വരെ ശമ്പളം, പെൻഷൻ, വൈദ്യുതി വാങ്ങൽ എന്നിവയിലടക്കം കെ.എസ്.എ.ബി യുടെ കടിശ്ശിക മൂന്നൂറ്റിയൻപത് കോടി രൂപയാണോയെന്ന് വ്യക്തമാക്കാമോ? | | ശമ്പളം, പെൻഷൻ, വൈദ്യുതിവാങ്ങൽ എന്നിവയിൽ കെ.എസ്.ഇ.ബി കുടിശ്ശിക വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ